(ബി) കേരള മുദ്രപത്ര നിയമം 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിൽ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂ ഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ (5) ഉപവകുപ്പിൽ വ്യവസ്ഥയുണ്ട്. (വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(സി&ഡി) കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ ഉപവകുപ്പ് (4) പ്രകാരം ന്യായവില വിജ്ഞാപനം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ, ഒരു വർഷത്തെ നിശ്ചിത കാലാവധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലുകളും സമയത്ത് അപേക്ഷ സമർപ്പിക്കാത്തതിന്റെ കാരണം ന്യായയുക്തമാണെങ്കിൽ 28 എ വകുപ്പിന്റെ ഉപവകുപ്പ് (4) ന്റെ പ്രൊവിസോ പ്രകാരം കളക്ടർക്ക് നടപടി സ്വീകരിയ്ക്കാവുന്നതാണ്. 2013-ലെ ഫിനാൻസ് ആക്ട് പ്രകാരം ഇപ്രകാരം അപ്പീൽ കാലാവധിയിൽ ഇളവു നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ സമയപരിധി വീണ്ടും വർദ്ധിപ്പിക്കേണ്ടതായ ആവശ്യമില്ല.

അവശ്യസാധനങ്ങളുടെ വില നിയന്ത്രണം

20 (*260) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വില വർദ്ധന കാരണം കടുബ ബജറ്റുകൾ തകർന്ന് ജനജീവിതം ദുസ്സഹമായി എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വില നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ആവർത്തിച്ചുള്ള പ്രഖ്യാപനം നടപ്പിലാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനു പകരം സർക്കാർ നിയന്ത്രിക്കുന്നതിനുള്ള പൊതുവിതരണ കേന്ദ്രങ്ങളിൽ സബ്സിഡി ഉൽപ്പന്നങ്ങൾക്ക് പോലും വില വർദ്ധിപ്പിച്ചതായ നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) :

(എ) ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളം ഒരു ഉപഭോക്തൃസംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധന പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട്.

(ബി) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേയ്ക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനു വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

2. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

3. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചു ഇല്ലാതാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

4. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

5. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യെക്കാളും 5 മുതൽ 30 ശതമാനംവരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

6. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

7. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

8. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 45 പഞ്ചായത്തുകളിൽ കൂടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

9. കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

(സി) സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

വില്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ, സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർ നിർണ്ണയിച്ചത്.

ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

21 (*261) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്):

(എ) ഉണ്ട്.

(ബി) എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളത്തിയെടുക്കുന്നതിനാണ് സോഫ്റ്റ്വെയർ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി സോഫ്റ്റ്വെയർ ഇൻകുബേഷൻ സെന്റർ ആരംഭിക്കു

LIBRARY ARCHIVES Kerala Legislative Assembly